പതിനാലാം കേരള നിയമസഭ
(FOURTEENTH KERALA LEGISLATIVE ASSEMBLY)

സബ്ജക്ട് കമ്മിറ്റി XI
(SUBJECT COMMITTEE XI)

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും
(FOOD, CIVIL SUPPLIES AND CO-OPERATION)

# ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്
(2019-20)

# FOURTH REPORT ON THE SCRUTINY OF DEMANDS FOR GRANTS
(2019-20)

2019 മേയ് 28-ാം തീയതി സമർപ്പിച്ചത്
(Presented on 28th May, 2019)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2019

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2019

പതിനാലാം കേരള നിയമസഭ

(FOURTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി XI

## (SUBJECT COMMITTEE XI)

# ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും

# (FOOD, CIVIL SUPPLIES AND CO-OPERATION)

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച
നാലാമത് റിപ്പോർട്ട്

(2019-20)

FOURTH REPORT ON THE SCRUTINY OF
DEMANDS FOR GRANTS
(2019-20)

349/2019.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി XI

## (ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും)

## (2019-2021)

### ഘടന

ചെയർമാൻ :

ശ്രീ. കടകംപള്ളി സുരേന്ദ്രൻ;
സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗം:

ശ്രീ. പി. തിലോത്തമൻ,
ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി.

അംഗങ്ങൾ:

ശ്രീ. അബ്ദുൽ ഹമീദ്. പി.

ശ്രീ. അനൂപ് ജേക്കബ്

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

ശ്രീ. ജോർജ് എം. തോമസ്

ശ്രീ. പി. സി. ജോർജ്

ശ്രീ. വി. ജോയി

ശ്രീ. മുഹമ്മദ് മുഹസിൻ പി.

ശ്രീ. മുരളി പെരുനെല്ലി.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. മാത്യൂക്കുട്ടി ജി., ജോയിന്റ് സെക്രട്ടറി

ശ്രീ. സഖറിയ പി. സാമുവൽ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. വി. ജി. റിജു, അണ്ടർ സെക്രട്ടറി.

# അവതാരിക

2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ, ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ പരിധിയിൽ വരുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് സമിതിയുടെ ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

2019 ഫെബ്രുവരി 21, മാർച്ച് 5 എന്നീ തീയതികളിൽ സമിതി യോഗം ചേർന്ന് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലും മാർഗ്ഗ നിർദ്ദേശ രേഖകളിലും വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം താഴെപ്പറയുന്ന ധനാഭ്യർത്ഥനകളിൽ ഉൾക്കൊള്ളുന്ന വിവിധ ചെലവിനങ്ങൾ പരിശോധിച്ചു:

ധനാഭ്യർത്ഥന നമ്പർ XXVII — സഹകരണം

ധനാഭ്യർത്ഥന നമ്പർ XXVIII — പലവക സാമ്പത്തിക സർവ്വീസുകൾ

ധനാഭ്യർത്ഥന നമ്പർ XXX — ഭക്ഷ്യം

ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച കുറിപ്പുകൾ സമിതി യോഗത്തിൽ പരിഗണിക്കുകയും സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥരിൽ നിന്ന് ആവശ്യമായ വിശദീകരണം ആരായുകയും ചെയ്തു.

ഭരണഘടനാപരമായ സാമ്പത്തിക പരിമിതികൾക്ക് വിധേയമായി സമിതി അതിന്റെ നിർദ്ദേശങ്ങൾക്കും ശിപാർശകൾക്കും രൂപം നൽകുകയും അവ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തുകയും ചെയ്തിരിക്കുന്നു.

2019 മാർച്ച് 14-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

കടകംപള്ളി സുരേന്ദ്രൻ,
*ചെയർമാൻ,*
സബ്ജക്ട്കമ്മിറ്റി *XI.*

തിരുവനന്തപുരം,
2019 മാർച്ച് 14.

# റിപ്പോർട്ട്

## ധനാഭ്യർത്ഥന നമ്പർ XXVII—സഹകരണം

വോട്ട് ചെയ്യുന്നത് : 571.2506 കോടി രൂപ

ചാർജ്ജ് ചെയ്യുന്നത് : ഇല്ല

2425-00-001-91—<u>സഹകരണ വകുപ്പിന്റെ നവീകരണം</u>

ബഡ്ജറ്റ് വിഹിതം : 1.87 കോടി രൂപ (പ്ലാൻ)

1. പുതിയതായി ആരംഭിച്ച താലൂക്കുകളിൽ രൂപീകൃതമായ അസിസ്റ്റന്റ് രജിസ്ട്രാർ ആഫീസുകളുടെ സ്ഥാപിത പ്രവർത്തനങ്ങൾക്കും വകുപ്പിൽ നടപ്പിലാക്കി വരുന്ന സംയോജിത സഹകരണ വികസന മാനേജ്മെന്റ് സിസ്റ്റം, ജില്ല, താലൂക്ക് തലങ്ങളിലെ ആഫീസുകളിൽ വ്യാപൃതമാക്കി നടപ്പിലാക്കുന്നതിനും അധിക തുക ആവശ്യമുള്ളതിനാൽ <u>ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2425-00-001-90—<u>സഹകരണ പ്രചാരണത്തിനുള്ള ധനസഹായം</u>

ബഡ്ജറ്റ് വിഹിതം : 25 ലക്ഷം രൂപ (പ്ലാൻ)

2. സഹകരണ വകുപ്പ് ഏറ്റെടുത്ത് നടത്തിവരുന്ന വിവിധങ്ങളായ കർമ്മപരിപാടികൾ ജനങ്ങളിലെത്തിക്കുന്നതുൾപ്പെടെയുള്ള സഹകരണ പ്രചാരണത്തിനും സഹകരണ വകുപ്പിന്റെ മാസികയായ സഹകരണവീഥിയുടെ പ്രസിദ്ധീകരണ സഹായത്തിനും നിക്ഷേപ സമാഹരണ യജ്ഞവുമായി ബന്ധപ്പെട്ട് സഹകരണ സ്ഥാപനങ്ങൾക്ക് നൽകുന്ന ട്രോഫികളുടെ ചെലവ് തുടങ്ങിയവയുമായി അനുവദിക്കപ്പെട്ട തുക അപര്യാപ്തമായതിനാൽ <u>ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 25 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2425-00-001-86—<u>കേരള സഹകരണ ബാങ്ക് രൂപീകരണവും ധനസഹായവും</u>

ബഡ്ജറ്റ് വിഹിതം : 10 ലക്ഷം രൂപ (പ്ലാൻ)

3. കേരള കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ രൂപീകരണം പൂർത്തിയാകുന്ന വേളയിൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ റഗുലേറ്ററി നോംസ് പ്രകാരം നിശ്ചയിക്കപ്പെടുന്ന <u>മൂലധന പര്യാപ്തത കൈവരിക്കുന്നതിനാവശ്യമായ തുക ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ ഷെയർ ശീർഷകത്തിൽ അനുവദിക്കുന്നതിനായി സമിതി ശിപാർശ ചെയ്യുന്നു.</u>

2425-00-003-89-31—സഹകരണ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടുകൾ മുതലായവയ്ക്കുള്ള സഹായം—സഹായധനം—ശമ്പളം

ബഡ്ജറ്റ് വിഹിതം : 1.20 കോടി രൂപ (പ്ലാൻ)

4. സ്വയംഭരണ സ്ഥാപനമായി പ്രഖ്യാപിക്കപ്പെട്ട അഗ്രിക്കൾച്ചറൽ സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിനും സഹകരണ വിദ്യാഭ്യാസ പരിപാടികളുമായും, ദേശീയ സഹകരണ യൂണിയനുമായി ചേർന്ന് തയ്യാറാക്കിയ ഉടമ്പടിയനുസരിച്ച് കണ്ണൂർ സഹകരണ മാനേജ്മെന്റ് സ്ഥാപനത്തിനുള്ള പ്രവർത്തന ചെലവിന്റെ 50% വഹിക്കുന്നതിനും തിരുവനന്തപുരം സഹകരണ മാനേജ്മെന്റ് സ്ഥാപനത്തിലെ പരിശീലന പരിപാടികൾ, സെമിനാറുകൾ എന്നിവയുടെ നടത്തിപ്പിനും, അംഗീകൃത പരിശീലന സ്ഥാപനങ്ങളിൽ പരിശീലനത്തിന് പങ്കെടുക്കുന്ന വകുപ്പ് ഉദ്യോഗസ്ഥർക്ക് യാത്രാബത്ത നൽകുന്നതിനും, കൂടാതെ ഐ.സി.എം. കണ്ണൂരിന് മാച്ചിംഗ് കോൺട്രിബ്യൂഷനായി 10 ലക്ഷം രൂപയും ഉൾപ്പെടെ പ്രസ്തുത ശീർഷകത്തിൽ ആകെ 1.50 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2425-00-003-88—സഹകരണ വകുപ്പിലെ പരിശീലനത്തിനുള്ള സഹായം

ബഡ്ജറ്റ് വിഹിതം : 35 ലക്ഷം രൂപ (പ്ലാൻ)

5. സഹകരണ വകുപ്പ് ജീവനക്കാർക്ക് സഹകരണ മേഖലയിലെ ആധുനിക മാനേജ്മെന്റ് സാങ്കേതിക വിദ്യകൾ, ഇ-ഗവേണൻസ് തുടങ്ങിയ വിഷയങ്ങളിൽ പരിശീലനം നൽകുന്നതിനും, വകുപ്പിന് കീഴിൽ ആരംഭിക്കുന്ന പരിശീലന കേന്ദ്രത്തിന്റെ അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങൾക്കും ആവർത്തന ചെലവുകൾക്കും അധിക തുക ആവശ്യമുള്ളതിനാൽ 65 ലക്ഷം രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2425-00-004-97—ജില്ലാ സഹകരണ ബാങ്കുകളെയും സംസ്ഥാന സഹകരണ ബാങ്കുകളെയും ഒറ്റബാങ്കായി ലയിപ്പിക്കുന്നത് സംബന്ധിച്ച് പഠനം നടത്തുന്ന കമ്മിറ്റിക്കുള്ള സഹായം

ബഡ്ജറ്റ് വിഹിതം : 1 ലക്ഷം രൂപ (നോൺ പ്ലാൻ)

6. ജില്ലാ സഹകരണ ബാങ്കുകളെയും സംസ്ഥാന സഹകരണ ബാങ്കിനെയും ഒറ്റ ബാങ്കായി ലയിപ്പിച്ചുകൊണ്ടുള്ള കേരള സഹകരണ ബാങ്ക് രൂപീകരണം സംബന്ധിച്ച തുടർപ്രവർത്തനങ്ങളുടെ ഭാഗമായുള്ള ചെലവുകൾക്കുവേണ്ടി 9 ലക്ഷം രൂപ ധനപുനർ വിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2425-00-107-80—പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്കുള്ള സഹായം

ബഡ്ജറ്റ് വിഹിതം : 14.50 കോടി രൂപ (പ്ലാൻ)

7. വായ്പാ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും വായ്പയെടുക്കുന്ന അംഗങ്ങൾ അവരുടെ വായ്പാ ബാധ്യതയിലേക്ക് തിരിച്ചടവുകൾ നടത്തുകയും എന്നാൽ വായ്പാ കാലാവധിക്കുള്ളിൽ മരണപ്പെടുകയും ചെയ്യുന്ന സന്ദർഭങ്ങളിൽ വായ്പ എഴുതി തള്ളുന്നതിനായി സർക്കാർ രൂപീകരിച്ചിട്ടുള്ള കേരള റിസ്ക് ഫണ്ട് പദ്ധതിയുടെ നടത്തിപ്പിനായി ലഭിക്കുന്ന പ്രീമിയം തുകയെക്കാൾ വളരെ കൂടുതൽ തുക സഹായമായി അനുവദിക്കേണ്ടി വരുന്നുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ഈ പദ്ധതിയുടെ ആവശ്യത്തിലേക്ക് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 5.90 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2425-00-107-72-33—സഹകരണ സ്ഥാപനങ്ങളിൽ നിന്ന് എടുക്കുന്ന വായ്പയുടെ കൃത്യമായ തിരിച്ചടവിന് നൽകുന്ന ഉത്തേജന പലിശ ഇളവ് പദ്ധതി—സബ്സിഡികൾ

ബഡ്ജറ്റ് വിഹിതം : 7 കോടി രൂപ (നോൺ പ്ലാൻ)

8. 2011-12 സാമ്പത്തിക വർഷം മുതൽ കൃത്യമായി കാർഷിക വായ്പ തിരിച്ചടയ്ക്കുന്നവർക്ക് പലിശ സബ്സിഡി നൽകുന്നതിന് 26-5-2012-ലെ സ.ഉ. (സാധാ.)315/2012/സഹ. നമ്പർ ഉത്തരവ് പ്രകാരം 32 കോടി രൂപ വകയിരുത്തുന്നതാണെന്ന് പ്രഖ്യാപിച്ചിരുന്നു. തുടർപദ്ധതിയായതിനാൽ ലഭിച്ചിട്ടുള്ള ക്ലെയിമുകൾ നൽകുന്നതിനുവേണ്ടി മാത്രം 25 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2425-00-108-76—പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ സംയോജിത വികസനം (എൻ.സി.ഡി.സി. പദ്ധതി 100%)—യാത്രാ ചെലവുകൾ

ബഡ്ജറ്റ് വിഹിതം : 1.35 കോടി രൂപ (പ്ലാൻ)

9. ഐ.സി.ഡി.പി. മോണിറ്ററിംഗ് സെൽ ഉദ്യോഗസ്ഥന്മാരുടെ നിലവിലുള്ള യാത്രാബത്ത, സ്ഥലംമാറ്റബത്ത എന്നിവയ്ക്കുള്ള തുക അപര്യാപ്തമായതിനാൽ യാത്രാ ബത്തയ്ക്ക് 1.71 ലക്ഷം രൂപയും സ്ഥലംമാറ്റബത്തയ്ക്ക് 21,000 രൂപയും കൂടി ആകെ 1.92 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2425-00-108-67—<u>മറ്റ് സഹകരണ സംഘങ്ങൾക്കുള്ള സഹായം</u>

ബഡ്ജറ്റ് വിഹിതം : 5 കോടി രൂപ (പ്ലാൻ)

4425-00-108-68—<u>മറ്റ് വിഭാഗത്തിൽപ്പെടുന്ന പലവക സഹകരണ സംഘങ്ങൾക്കുള്ള സഹായം</u>

ബഡ്ജറ്റ് വിഹിതം : 3 കോടി രൂപ (പ്ലാൻ)

10. പലവക സഹകരണ സംഘങ്ങൾക്കായുള്ള അപ്പക്സ് സഹകരണ സംഘത്തിന്റെ രൂപീകരണത്തിനും, ട്രാൻസ്ജെൻഡർ സഹകരണ സംഘം രൂപീകരിച്ച് വിജയകരമായ പദ്ധതികൾ ഏറ്റെടുക്കുന്നതിനും, സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിന്റെ ആഭിമുഖ്യത്തിൽ കൊച്ചിയിൽ നടത്തുന്ന കൃതി ഇന്റർനാഷണൽ ബുക്ക് ഫെയറിനും, സാഹിത്യ വിജ്ഞാനോത്സവത്തിനും, ആശുപത്രി സഹകരണ സംഘങ്ങളിലെ ബ്ലഡ്ബാങ്ക് മെഡിക്കൽ ലബോറട്ടറീസ് ഇടങ്ങിയവയ്ക്കായി ധനസഹായം അനുവദിക്കുന്നതിനും ഉൾപ്പെടെ ഈ സ്കീമിലെ വിവിധങ്ങളായ പദ്ധതികൾക്കായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ മേൽ പ്രസ്താവിച്ച ശീർഷകങ്ങളിൽ യഥാക്രമം 2 കോടി, 1 കോടി എന്നിങ്ങനെ <u>സബ്സിഡി, ഓഹരി എന്നീ ശീർഷകങ്ങളിലായി ആകെ 3 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2425-00-108-49—<u>ഉപഭോക്തൃ സഹകരണ സംഘങ്ങൾക്കും നീതി സ്റ്റോറുകൾക്കും സഹായം</u>

ബഡ്ജറ്റ് വിഹിതം : 4.20 കോടി രൂപ (പ്ലാൻ)

11. കൺസ്യൂമർ ഫെഡറേഷനുള്ള പദ്ധതി ധനസഹായം, സ്കൂൾ/കോളേജ് സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള ധനസഹായം, നീതി സ്റ്റോറുകൾക്കും നീതി മെഡിക്കൽ സ്റ്റോറുകൾക്കും ധനസഹായം അനുവദിക്കുന്നതിനും, ഉപഭോക്തൃ സഹകരണ സംഘങ്ങൾക്കും നീതി സ്റ്റോറുകൾക്കുമായി നിലവിലുള്ള മറ്റ് പദ്ധതികൾക്കും <u>അനുവദിക്കപ്പെട്ടിട്ടുള്ള തുക അപര്യാപ്തമായതിനാൽ 3.30 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2425-00-108-47-31—<u>പ്രൊഫഷണൽ എഡ്യൂക്കേഷനുവേണ്ടിയുള്ള സഹകരണ അക്കാഡമികൾക്കുള്ള ധനസഹായം—ശമ്പളം</u>

ബഡ്ജറ്റ് വിഹിതം : 4.5754 കോടി രൂപ (നോൺ പ്ലാൻ)

12. പ്രൊഫഷണൽ എഡ്യൂക്കേഷനുവേണ്ടിയുള്ള സഹകരണ അക്കാഡമികൾക്കുള്ള ശമ്പളയിനത്തിലെ ചെലവുകൾക്കുവേണ്ടി <u>കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ്</u>

പ്രൊഫഷണൽ എഡ്യൂക്കേഷന് (CAPE) 30 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2425-00-108-47-35—പ്രൊഫഷണൽ എഡ്യൂക്കേഷനുവേണ്ടിയുള്ള സഹകരണ അക്കാഡമികളുള്ള ധനസഹായം—മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം

ബഡ്ജറ്റ് വിഹിതം : 12 കോടി രൂപ (പ്ലാൻ)

13. പ്രൊഫഷണൽ വിദ്യാഭ്യാസ സഹകരണ അക്കാഡമിയുടെ കീഴിലുള്ള സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 3 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2425-00-108-42—പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ വികസനത്തിനുള്ള സഹായം

ബഡ്ജറ്റ് വിഹിതം : 11.85 കോടി രൂപ (പ്ലാൻ)

4425-00-108-34—പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ വികസനത്തിനുള്ള ഓഹരി മൂലധന വിഹിതം

ബഡ്ജറ്റ് വിഹിതം : 3.15 കോടി രൂപ (പ്ലാൻ)

14. 2017-18-ലെ പദ്ധതിയിനത്തിൽ സംഘങ്ങൾക്ക് അനുവദിച്ച് സഹകരണ സംഘം രജിസ്ട്രാറുടെ എസ്.റ്റി.എസ്.ബി. 172-ാം നമ്പർ അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്ന സർക്കാർ തിരിച്ചെടുത്ത തുക 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും അനുവദിക്കേണ്ടതായി വന്നിട്ടുണ്ട്. മേൽ കാരണത്താൽ നടപ്പുവർഷം ധനസഹായം നൽകാൻ കഴിയാതിരുന്ന സംഘങ്ങൾക്കും വരുംവർഷം ധനസഹായം അനുവദിക്കേണ്ട സംഘങ്ങൾക്കും കൂടാതെ എസ്.സി./എസ്.റ്റി. ഫെഡറേഷന്റെ വികസനത്തിനും അട്ടപ്പാടി സമഗ്ര ആരോഗ്യ പരിപാലന പദ്ധതിയുടെ നടത്തിപ്പിനും പുനർജനി പദ്ധതി തുടങ്ങുന്നതിനും കൂടുതൽ തുക ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽ പ്രസ്താവിച്ച ശീർഷകങ്ങളിൽ യഥാക്രമം 8.15 കോടി, 1.85 കോടി എന്നിങ്ങനെ സബ്സിഡി, ഓഹരി എന്നീ ശീർഷകങ്ങളിലായി ആകെ 10 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2425-00-108-36—കാർഷിക വിപണന മേഖലയെ ശക്തിപ്പെടുത്തുന്നതിന് പ്രൈമറി മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ്സിനുള്ള ധനസഹായം

ബഡ്ജറ്റ് വിഹിതം : 39.90 ലക്ഷം രൂപ (പ്ലാൻ)

4425-00-108-30—അഗ്രികൾച്ചർ മാർക്കറ്റിംഗ് സെക്ടറിനെ ശക്തിപ്പെടുത്തുന്നതിന് പ്രൈമറി മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ്സിന് സഹായം

ബഡ്ജറ്റ് വിഹിതം : 50.10 ലക്ഷം രൂപ (പ്ലാൻ)

6425-00-108-09—അഗ്രികൾച്ചർ മാർക്കറ്റിംഗ് സെക്ടറിനെ ശക്തിപ്പെടുത്തുന്നതിന് പ്രൈമറി മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ്സിന് ലോൺ

ബഡ്ജറ്റ് വിഹിതം : 60 ലക്ഷം രൂപ (പ്ലാൻ)

15. കാർഷിക വിപണന മേഖലയെ ശക്തിപ്പെടുത്തുന്നതിനായി വിപണന സംഘങ്ങൾക്ക് നൽകിവരുന്ന ധനസഹായം പ്രാഥമിക സഹകരണ സംഘങ്ങൾ നടത്തുന്ന എല്ലാ വിപണന സംരംഭങ്ങൾക്കുംകൂടി ബാധകമാക്കിയിട്ടുള്ള സാഹചര്യത്തിൽ കൂടുതൽ സംഘങ്ങൾക്ക് ധനസഹായം നൽകേണ്ടതുള്ളതിനാൽ ഇതിലേക്കായി അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ, മേൽ പ്രസ്താവിച്ച ശീർഷകങ്ങളിൽ യഥാക്രമം 13.30 ലക്ഷം, 16.70 ലക്ഷം, 20 ലക്ഷം എന്നിങ്ങനെ ഈ പദ്ധതിക്കായുള്ള സബ്സിഡി, ഓഹരി, വായ്പ എന്നീ ശീർഷകങ്ങളിലായി ആകെ 50 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2425-00-108-33—സഹകരണ വകുപ്പിന്റെ കീഴിൽ വരുന്ന എല്ലാ സഹകരണ സ്ഥാപനങ്ങളുടെയും ആധുനികവൽക്കരണം-സബ്സിഡികൾ

ബഡ്ജറ്റ് വിഹിതം : 1.12 കോടി രൂപ (പ്ലാൻ)

4425-00-108-28—സഹകരണ വകുപ്പിനുകീഴിലുള്ള എല്ലാ സഹകരണസംഘങ്ങളുടെയും നവീകരണം

ബഡ്ജറ്റ് വിഹിതം : 29 ലക്ഷം രൂപ (പ്ലാൻ)

6425-00-108-07—സഹകരണ വകുപ്പിനുകീഴിലുള്ള എല്ലാ സഹകരണ സ്ഥാപനങ്ങളുടെയും ആധുനികവൽക്കരണം

ബഡ്ജറ്റ് വിഹിതം : 29 ലക്ഷം രൂപ (പ്ലാൻ)

16. ഈ സ്കീമിൽ മുൻവർഷം സംഘങ്ങൾക്ക് അനുവദിച്ചിരുന്ന തുക സർക്കാർ തിരിച്ചെടുത്ത സാഹചര്യത്തിൽ ടി തുക 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും അനുവദിക്കേണ്ടതായിവന്നിട്ടുണ്ട്. എന്നാൽ ഈ പദ്ധതിയുടെ

ധനസഹായത്തിനായി സംഘങ്ങളിൽ നിന്നും കൂടുതൽ പ്രൊപ്പോസലുകൾ ലഭ്യമായിട്ടുണ്ട്. സംഘങ്ങളുടെ ആധുനികവത്കരണം അനിവാര്യമാണ്. ആയതിനാൽ മേൽ പ്രസ്താവിച്ച ശീർഷകങ്ങളിൽ യഥാക്രമം 38 ലക്ഷം, 8.5 ലക്ഷം, 8.5 ലക്ഷം എന്നിങ്ങനെ ഈ സ്കീമിലെ സബ്സിഡി, ഓഹരി, വായ്പ എന്നീ ശീർഷകങ്ങളിലായി ആകെ 55 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2425-00-108-32—സഹകരണ സംരംഭകത്വം വഴി തൊഴിൽ സൃഷ്ടിക്കുന്ന പദ്ധതിക്കുള്ള ധനസഹായം

ബഡ്ജറ്റ് വിഹിതം : 1.50 കോടി രൂപ (പ്ലാൻ)

17. സഹകരണ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന സംരംഭങ്ങൾ ആരംഭിക്കുന്നതിന് 1.50 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2425-00-108-31—വനിത സഹകരണ സംഘങ്ങൾക്കും വനിത ഫെഡിനുമുള്ള ധനസഹായം

ബഡ്ജറ്റ് വിഹിതം : 1.50 കോടി രൂപ (പ്ലാൻ)

4425-00-108-26—വനിത സഹകരണ സംഘങ്ങൾക്കും വനിത ഫെഡിനുമുള്ള ധനസഹായം

ബഡ്ജറ്റ് വിഹിതം : 1.50 കോടി രൂപ (പ്ലാൻ)

18. വനിതാ സഹകരണ സംഘങ്ങൾ മുഖേനയും, വനിതാ ഫെഡറേഷൻ മുഖേനയും തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, പ്രത്യേക പ്രോജക്ടുകൾ നടപ്പിലാക്കുക, ചെറുകിട വ്യവസായം ആരംഭിക്കുക, ടി സ്ഥാപനങ്ങളുടെ ആധുനികവത്കരണം നടപ്പിലാക്കുക തുടങ്ങിയ പദ്ധതികൾക്കായി അനുവദിച്ചിട്ടുള്ള ധനസഹായം അപര്യാപ്തമാണ്. ആയതിനാൽ മേൽ പ്രസ്താവിച്ച ശീർഷകങ്ങളിൽ 50 ലക്ഷം വീതം ആകെ 1 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4425-00-108-71 —പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളുടെ സംയോജിത വികസനം

ബഡ്ജറ്റ് വിഹിതം : 13.64 കോടി രൂപ (പ്ലാൻ)

6425-00-108-74—സംയോജിത സഹകരണ വികസന പദ്ധതി (എൻ.സി.ഡി.സി. സഹായം)

ബഡ്ജറ്റ് വിഹിതം : 15.81 കോടി രൂപ (പ്ലാൻ)

19. പാലക്കാട്, തൃശ്ശൂർ, ഇടുക്കി ജില്ലകളിൽ നടപ്പിലാക്കി വരുന്ന സംയോജിത വികസന പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിട്ടുള്ള തുക ടി ജില്ലകളിലെ സംഘങ്ങളുടെ വികസനത്തിനായി നിശ്ചയിക്കപ്പെട്ടിട്ടുള്ള തുകയേക്കാൾ വളരെ കുറവാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽ പ്രസ്താവിച്ച ശീർഷകങ്ങളിൽ യഥാക്രമം 16.36 കോടി, 14.19 കോടി എന്നിങ്ങനെ ഓഹരി, വായ്പ ഇനത്തിൽ ആകെ 30.55 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4425-00-108-42—പ്രാഥമിക കാർഷിക ക്രെഡിറ്റ് സംഘങ്ങൾ, പ്രാഥമിക സംഘങ്ങൾ, മൊത്തവില സ്റ്റോറുകൾ, ഫെഡറേഷനുകൾ തുടങ്ങിയവയ്ക്കുള്ള സഹായം (എൻ.സി.ഡി.സി. പദ്ധതി)

ബഡ്ജറ്റ് വിഹിതം : 11.76 കോടി രൂപ (പ്ലാൻ)

6425-00-108-19—പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ, പ്രാഥമിക സംഘങ്ങൾ, മൊത്തവില സ്റ്റോറുകൾ, ഫെഡറേഷനുകൾ എന്നിവയ്ക്കുള്ള സഹായം (എൻ.സി.ഡി.സി. പദ്ധതി)

ബഡ്ജറ്റ് വിഹിതം : 16.34 കോടി രൂപ (പ്ലാൻ)

20. സംസ്കരണ പരിപാടികളിൽ ഏർപ്പെട്ടിരിക്കുന്ന സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകുന്നതിനും, ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾക്ക് നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഉപകരണങ്ങൾ/ യന്ത്രങ്ങൾ, വാഹനങ്ങൾ എന്നിവ വാങ്ങുന്നതിന് ധനസഹായം നൽകുന്നതിനും, എൻ.സി.ഡി.സി.യുടെ പുതിയ പദ്ധതിപ്രകാരമുള്ള ഗ്രാമീണ പാർപ്പിട പദ്ധതി, വൈദ്യുതീകരണം, ആരോഗ്യം, ആശുപത്രികൾ, ടൂറിസം, ഹോസ്പിറ്റാലിറ്റി എന്നിവയ്ക്ക് സഹായം നൽകുന്നതിനും, കാർഷികമേഖലയിൽ പശ്ചാത്തല സൗകര്യം വികസിപ്പിക്കുന്നതിന് വായ്പ നൽകുന്നതിനും, 2019-20-ൽ നടപ്പാക്കുന്ന പുതിയ എൻ.സി.ഡി.സി. പദ്ധതികൾക്ക് സഹായം നൽകുന്നതിനുമായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് കാണുന്നു. ആയതിനാൽ മേൽ പ്രസ്താവിച്ച ശീർഷകങ്ങളിൽ 11.89 കോടി, 14.99 കോടി എന്നിങ്ങനെ ഈ സ്കീമിലെ ഓഹരി, വായ്പ എന്നീ ശീർഷകങ്ങളിലായി ആകെ 26.88 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ധനാഭ്യർത്ഥന നമ്പർ XXX—ഭക്ഷ്യവിഹിതം

വോട്ട് ചെയ്തത് : 6.10 കോടി രൂപ

ചാർജ്ജ് ചെയ്തത് : ഇല്ല

6408-02-195-65—പ്രൈമറി കോ-ഓപ്പറേറ്റീവ്സിനും ഫെഡറേഷനുകൾക്കും വേണ്ടി വായ്പ

ബഡ്ജറ്റ് വിഹിതം : 2.28 കോടി രൂപ (പ്ലാൻ)

21. പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് സംഭരണശാലകൾ നിർമ്മിക്കുന്നതിനും പ്രാഥമിക വിപണന സംഘങ്ങളുടെ ഓഹരി മൂലധന അടിത്തറ ശക്തിപ്പെടുത്തുന്നതിനും, ദുർബല വിപണന സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനും എൻ.സി.ഡി.സി.യുടെ പുതിയ പദ്ധതികളായ കോൾഡ് ചെയിൻ, യുവസഹകാർ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുന്നതിനും ധനസഹായം ആവശ്യമുള്ളതിനാൽ 1.92 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ധനാഭ്യർത്ഥന നമ്പർ XXVIII—പലവക സാമ്പത്തിക സർവ്വീസുകൾ

വോട്ട് ചെയ്തത് : 5985.1572 കോടി രൂപ

ചാർജ് ചെയ്തത് : ഇല്ല

3475-00-106-99-05.3—അളവുകളുടെയും തൂക്കങ്ങളുടെയും ക്രമീകരണം മെട്രിക് സമ്പ്രദായം നടപ്പാക്കൽ—ഓഫീസ് ചെലവുകൾ—ടെലഫോൺ ചെലവ്

ബഡ്ജറ്റ് വിഹിതം : 6.46 ലക്ഷം രൂപ (നോൺ പ്ലാൻ)

22. ആഫീസ് ലാൻഡ് ഫോണുകളുടെ ബില്ലുകൾക്ക് പുറമെ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് അനുവദിച്ചിട്ടുള്ള CUG SIM-ന് എല്ലാ വർഷവും 5.02 ലക്ഷം രൂപ കൊടുക്കേണ്ടി വരുന്നു. കൂടാതെ, പുതുതായി രൂപീകരിച്ച 14 താലൂക്കുകളിലെ ഇൻസ്പെക്ടറാഫീസുകൾക്ക് ടെലഫോൺ സൗകര്യം ഏർപ്പെടുത്തുന്നതിനും അധിക തുക ആവശ്യമാണ്. ആയതിനാൽ, മേൽ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3475-00-106-99-06—അളവുകളുടെയും തൂക്കങ്ങളുടെയും ക്രമീകരണം മെട്രിക് സമ്പ്രദായം നടപ്പാക്കൽ—വാടക, കരം, നികുതി

ബഡ്ജറ്റ് വിഹിതം : 23 ലക്ഷം രൂപ (നോൺ പ്ലാൻ)

23. ഭവന നിർമ്മാണ ബോർഡിന്റെയും സ്വകാര്യ കെട്ടിടങ്ങളുടെയും വാടക കുടിശ്ശിക നൽകുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ, മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 15 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ധനാഭ്യർത്ഥന നമ്പർ XXX— ഭക്ഷ്യം

വോട്ട് ചെയ്തത് : 1891.3846 കോടി രൂപ

ചാർജ്ജ് ചെയ്തത് : ഇല്ല

2408-01-101-94—റേഷൻ സബ്സിഡി

ബഡ്ജറ്റ് വിഹിതം : 1035.58 കോടി രൂപ (നോൺ പ്ലാൻ)

24. ഭക്ഷ്യസാധനങ്ങളുടെ വിലയിനത്തിൽ വേയ്മെന്റ് ചാർജ്ജ് ഉൾപ്പെടെയുള്ള തുക ഒടുക്കുന്നതിനും, ദേശീയ ഭക്ഷ്യ ഭദ്രതാനിയമം അനുസരിച്ച് റേഷൻ കടകളിലേക്ക് ഭക്ഷ്യധാന്യങ്ങൾ വാതിൽപ്പടി വിതരണം വഴി എത്തിക്കുന്നതിനും, സപ്ലൈകോയുടെ ഗതാഗത ഇനത്തിലും, മറ്റു ചെലവുകൾക്കുമായി അധിക തുക ആവശ്യമാണ്. ആയതിനാൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി 84.02 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2408-01-102-99-33—കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡിലേയ്ക്ക് മാർക്കറ്റ് ഇന്റർവെൻഷൻ പ്രവർത്തനങ്ങൾക്കുള്ള ഗ്രാന്റ്—സബ്സിഡികൾ

ബഡ്ജറ്റ് വിഹിതം : 200 കോടി രൂപ (നോൺ പ്ലാൻ)

25. പൊതുവിപണിയിലുണ്ടാകുന്ന വിലക്കയറ്റം നിയന്ത്രിക്കാനായി സർക്കാർ രൂപീകരിച്ചിട്ടുള്ള വിപണിയിടപെടൽ പദ്ധതി പ്രകാരം 13 ഇനം അവശ്യസാധനങ്ങൾ സർക്കാർ നിശ്ചയിക്കുന്ന സബ്സിഡി നിരക്കിൽ സപ്ലൈകോ വിൽപ്പനശാലകൾ വഴി വിതരണം ചെയ്യുന്നതിനും പൊതുവിതരണ സംവിധാനത്തിലൂടെ AAY കാർഡുടമകൾക്ക് പഞ്ചസാര വിതരണം നടത്തുന്നതിനും അധിക തുക ആവശ്യമാണ്. ആയതിനാൽ, പ്രസ്തുത ശീർഷകത്തിൽ 151.80 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2408-01-800-98—ഉപഭോക്തൃ ദിനാഘോഷം

ബഡ്ജറ്റ് വിഹിതം : 3 ലക്ഷം രൂപ (നോൺപ്ലാൻ)

26. ദേശീയ ഉപഭോക്തൃ ദിനാഘോഷത്തോടനുബന്ധിച്ച്, ഉപഭോക്തൃ അവകാശ സംരക്ഷണ രംഗത്ത് മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന സംഘടനകൾക്ക് രാജീവ് ഗാന്ധി ഉപഭോക്തൃ സംരക്ഷണ അവാർഡ് നൽകുന്നതിനും, ദിനാഘോഷങ്ങളോടനുബന്ധിച്ച് സെമിനാറുകൾ, ചർച്ചകൾ, മുഖാമുഖം, ശിൽപ്പശാലകൾ എന്നിങ്ങനെയുള്ള ഉപഭോക്തൃ ബോധവത്കരണ പരിപാടികളും, സ്കൂൾ വിദ്യാർത്ഥികൾക്കായി വിവിധ മത്സരപരിപാടികളും സംഘടിപ്പിക്കുന്നതിനും അധിക തുക ആവശ്യമാണ്. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 2 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3456-00-001-89-34-3—ഫുഡ് അഡ്വൈസറി കമ്മിറ്റി—മറ്റ് ചെലവുകൾ-മറ്റിനം

ബഡ്ജറ്റ് വിഹിതം : 1000 രൂപ (നോൺ പ്ലാൻ)

27. റേഷൻ സാധനങ്ങൾ പൊതുജനങ്ങൾക്ക് യഥാക്രമം ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും, റേഷൻ വിതരണത്തിലെ ക്രമക്കേടുകൾ കണ്ടെത്തുന്നതിനും, പൊതുജനങ്ങൾ നൽകുന്ന പരാതികൾ തീർപ്പാക്കുന്നതിനുമായി രൂപീകരിച്ചിട്ടുള്ള സംസ്ഥാന/ജില്ല/താലൂക്ക്/പഞ്ചായത്ത്തല ഭക്ഷ്യോപദേശക സമിതിയോഗങ്ങൾ സംഘടിപ്പിക്കുന്നതിനുള്ള ചെലവിനുമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 2 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3456-00-001-82—പൊതുവിതരണ സമ്പ്രദായം പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുന്നതിന്

ബഡ്ജറ്റ് വിഹിതം : ഇല്ല.

28. പൊതുവിതരണ സമ്പ്രദായത്തിന്റെ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണ പദ്ധതിക്കായി മേൽ സൂചിപ്പിച്ച ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ തുക വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3456-00-001-80—ദേശീയ ഭക്ഷ്യ സുരക്ഷാ നിയമത്തിനുകീഴിൽ വരുന്ന സംസ്ഥാന ഭക്ഷ്യ കമ്മീഷൻ, ജില്ലാ പരാതി പരിഹാര ഓഫീസുകൾ

ബഡ്ജറ്റ് വിഹിതം : 22.43 കോടി രൂപ (പ്ലാൻ)

: 1000 രൂപ (നോൺ പ്ലാൻ)

29. 2013-ലെ ദേശീയ ഭക്ഷ്യസുരക്ഷാ നിയമത്തിലെ അദ്ധ്യായം VII (സെക്ഷൻ 14-21) പ്രകാരം പൊതുജനങ്ങളിൽ നിന്നും ലഭിക്കുന്ന പരാതി പരിഹരിക്കുന്നതിനായി

രൂപീകരിച്ച സംസ്ഥാന ഭക്ഷ്യ കമ്മീഷനിലെ ചെയർപേഴ്സൺ, മെമ്പർമാർ, മെമ്പർ സെക്രട്ടറി, മറ്റുജീവനക്കാർ എന്നിവരുടെ ശമ്പളം/വേതനം, യാത്രാബത്ത, ഓഫീസ് ചെലവുകൾ ഉൾപ്പെടെയുള്ള മറ്റ് അനുബന്ധ ചെലവുകൾക്കായി 2.3 കോടി രൂപ ഈ ശീർഷകത്തിൽ നോൺ പ്ലാൻ ഇനത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3456-00-104-99—കേരള ഉപഭോക്തൃ ക്ഷേമനിധിയിൽ നിന്നുള്ള ഉപഭോക്തൃക്ഷേമ പരിപാടികൾക്കുള്ള ചെലവുകൾ

ബഡ്ജറ്റ് വിഹിതം : 55 ലക്ഷം രൂപ (നോൺ പ്ലാൻ)

30. സ്കൂൾ/കോളേജ് ഫെസ്റ്റുകൾ, സ്കൂൾ ക്ലബ്ബുകൾ, ഉപഭോക്തൃ ബോധവൽക്കരണ മാജിക് ഷോ, ഉപഭോക്തൃ ബോധവൽക്കരണ പരിപാടികൾ, എക്സിബിഷനുകൾ, വർക്ക്ഷോപ്പുകൾ എന്നിവ സംഘടിപ്പിക്കുന്നതിനും, പത്രമാധ്യമങ്ങളിൽ പരസ്യം നൽകുന്നതിനുമായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 45 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4408-01-101-95—റേഷൻ കാർഡ് പുതുക്കൽ

ബഡ്ജറ്റ് വിഹിതം : 1 കോടി രൂപ (നോൺ പ്ലാൻ)

31. ദേശീയ ഭക്ഷ്യസുരക്ഷാ നിയമം 2013 സംസ്ഥാനത്ത് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലെ റേഷൻ കാർഡുകൾ പുതുക്കുന്നതിനും റേഷൻ കാർഡ് പ്രിന്റിംഗുമായി ബന്ധപ്പെട്ട് സി-ഡിറ്റിന് ബാക്കി തുക നൽകുന്നതിനും ഡാറ്റാ എൻട്രി വെരിഫിക്കേഷൻ ഫോം പ്രിന്റ് ചെയ്യതിന്റെ അനുബന്ധ തുക നൽകുന്നതിനും, അക്ഷയ/സി-ഡിറ്റ് ഡാറ്റാ എൻട്രി ഓപ്പറേറ്റർക്ക് വേതനം നൽകുന്നതിനും, താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസുകളിൽ റേഷൻ കാർഡ് വിതരണവുമായി ബന്ധപ്പെട്ട ചെലവുകൾക്കുമായി അധിക തുക ആവശ്യമാണ്. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി 4.32 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4408-01-800-95—കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആന്റ് ഡെവലപ്മെന്റ്

ബഡ്ജറ്റ് വിഹിതം : 1 കോടി രൂപ (പ്ലാൻ)

32. സി.എഫ്.ആർ.ഡി.യിൽ പ്രവർത്തിച്ചുവരുന്ന കോളേജ് ഫോർ ഫുഡ് ടെക്നോളജിയിലെ വനിതാ ഹോസ്റ്റൽ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനസജ്ജമാക്കുന്നതിനും, മതിൽ നിർമ്മിക്കുന്നതിനും, ഫർണിച്ചർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനും,

ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് എന്നീ പ്രവൃത്തികൾ നടത്തുന്നതിനും അധിക തുക ആവശ്യമായതിനാൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 80 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4408-02-101-99—ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലാക്കുന്നതിനുള്ള സഹായം (സംസ്ഥാന പദ്ധതി)

ബഡ്ജറ്റ് വിഹിതം : ഇല്ല

33. നിർമ്മാണം നടന്നുവരുന്ന സപ്ലൈകോയുടെ വലിയതുറ, കൊല്ലം, തിരുവല്ല, കൊച്ചി (ഇടപ്പള്ളി) എന്നീ സ്ഥലങ്ങളിലെ ഗോഡൗണുകളുടെ പൂർത്തീകരണത്തിനും പുതുതായി ഭരണാനുമതി ലഭിച്ച തിരുവല്ല, കൊച്ചി എന്നിവിടങ്ങളിൽ അഡീഷണൽ ഗോഡൗണുകൾ നിർമ്മിക്കുന്നതിലേയ്ക്കുമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 26.03 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

കടകംപള്ളി സുരേന്ദ്രൻ,
*ചെയർമാൻ,*
സബ്ജക്ട് കമ്മിറ്റി *XI*.

തിരുവനന്തപുരം,
2019 മാർച്ച് 14.

349/19

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2019

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.